## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6410
11.07.2012 - ലെ മറുപടിയ്ക്ക്

### ഖജനാവിന്റെ ബാധ്യത

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | **ശ്രീ. കെ.എം. മാണി**<br>ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| എ) | സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം അൺ എയിഡഡ് സ്കൂളുകൾ എയിഡഡ് സ്കൂളുകളാക്കുകയോ സർക്കാർ ഏറ്റെടുക്കുകയോ ചെയ്യുക വഴി സംസ്ഥാന ഖജനാവിന് എത്ര രൂപയുടെ അധിക ബാധ്യതയാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | ഈ സർക്കാർ അധികാരമേറ്റതിനുശേഷം ബഹു: ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ തൃശ്ശൂർ ജില്ലയിലെ കൊരട്ടി ലിറ്റിൽ ഫ്ളവർ ഹയർ സെക്കന്ററി സ്കൂളിലെ സയൻസ് അൺ എയ്ഡഡ് ബാച്ച് എയ്ഡഡ് ബാച്ച് ആക്കി മാറ്റുകയുണ്ടായി. കൂടാതെ 2012-13 അദ്ധ്യയന വർഷം ടി സ്കൂളിൽ ഹുമാനിറ്റിസിന്റെ എയ്ഡഡ് ബാച്ച് കൂടി ആരംഭിക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കായി പ്രതിവർഷം 30,52,224/- രൂപയാണ് സാമ്പത്തിക ബാധ്യതയായി തിട്ടപ്പെടുത്തിയിരിക്കുന്നത്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ